ജനങ്ങളുടെ മനസ്സിലുടലെടുത്തിട്ടുള്ള ആശങ്ക അടിസ്ഥാനരഹിതമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ സർക്കാർ വകുപ്പുകൾ വിവിധ NGO കൾ മുഖേനയും, GAIL അധികൃതർ നേരിട്ടും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതോടൊപ്പം പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾ വിതരണം ചെയ്തും, എഫ്.എം റേഡിയോയിലെ പരസ്യങ്ങളിലൂടെയും പദ്ധതികൊണ്ട് സംസ്ഥാനത്തിനും ജനങ്ങൾക്കുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് അവബോധം വളർത്തുവാനും ശ്രമിക്കുന്നുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമിയുടെ വിനിയോഗാവകാശം മാത്രമേ GAIL-ന് നൽകേണ്ടതുള്ളൂ. ആയതിനാൽ P & MP Act ലെ വ്യവസ്ഥകളനുസരിച്ച് ഭൂമിയുടെ ന്യായവിലയുടെ 10% മാത്രമാണ് നഷ്ടപരിഹാരതുകയായി ഭൂഉടമയ്ക്ക് GAIL നൽകേണ്ടത്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യം, സ്ഥല ദൗർലഭ്യം തുടങ്ങിയവ പരിഗണിച്ചും ജനകീയ പ്രക്ഷോഭങ്ങൾ കണക്കിലെടുത്തും നഷ്ടപരിഹാരതുക ഭൂമിയുടെ ന്യായവിലയുടെ 50% വരെ വർദ്ധിപ്പിച്ച് നൽകുവാൻ GAIL സന്നദ്ധത അറിയിച്ചിട്ടുണ്ട്. കൂടാതെ നഷ്ടപ്പെടുന്ന ഫലവൃക്ഷാദികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

(എഫ്) തർക്കം പരിഹരിച്ച സ്ഥലത്ത് പ്രത്യേക പാക്കേജ് ഒന്നും നടപ്പാക്കിയിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

**166(2155)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു .*

(ബി) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ കൊല്ലക്കടവ് വികസന ഏരിയായിൽ 16.22 ഏക്കർ സ്ഥലവും മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ 38.80 ആർ സ്ഥലവുമുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലക്കടവിൽ 14.39 ഏക്കർ സ്ഥലം വ്യവസായികൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 13.81 ഏക്കർ സ്ഥലം അവർ ഉപയോഗപ്പെടുത്തുന്നു. ഇവിടെ 49 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ബാക്കി 0.58 ഏക്കർ സ്ഥലം തിരിച്ചെടുത്തിട്ടുണ്ട്.

മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ 40 സെന്റ് സ്ഥലം വ്യവസായികൾക്കായി അനുവദിച്ചിട്ടുണ്ട്. ഇവിടെ 4 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ 35 സെന്റ്, 2 വ്യവസായ യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ റേറ്റിംഗ് സമ്പ്രദായം

**167(2156)** ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MoU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്.

ഈ സംവിധാനത്തിന്റെ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly